Class No. : ...............................

Name : ...................................

**FY 25**

# FIRST YEAR HIGHER SECONDARY SECOND TERMINAL EXAMINATION, DECEMBER 2023

## Part – III

## CHEMISTRY

**Maximum : 60 Scores**

Time : 2 Hours

Cool-off Time : 15 Minutes

---

***General Instructions to Candidates :***

- *There is a 'Cool off time' of 15 minutes in addition to the writing time.*
- *Use 'cool off time' to get familiar with questions and to plan your answers.*
- *Read questions carefully before answering.*
- *Calculations, figures and graphs should be shown in the answer sheet itself.*
- *Give equations wherever necessary.*
- *Malayalam version of the questions is also provided.*
- *Electronic devices except non programmable calculators are not allowed in the Examination Hall.*

**വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ :**

- നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിട്ട് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും.
- 'കൂൾ ഓഫ് ടൈം' ചോദ്യങ്ങൾ പരിചയപ്പെടാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- കണക്ക് കൂട്ടലുകൾ, ചിത്രങ്ങൾ, ഗ്രാഫുകൾ, എന്നിവ ഉത്തരപേപ്പറിൽ തന്നെ ഉണ്ടായിരിക്കണം.
- ആവശ്യമുള്ള സ്ഥലത്ത് സമവാക്യങ്ങൾ കൊടുക്കണം.
- ചോദ്യങ്ങൾ മലയാളത്തിലും നൽകിയിട്ടുണ്ട്.
- പ്രോഗ്രാമുകൾ ചെയ്യാനാകാത്ത കാൽക്കുലേറ്ററുകൾ ഒഴികെയുള്ള ഒരു ഇലക്ട്രോണിക് ഉപകരണവും പരീക്ഷാഹാളിൽ ഉപയോഗിക്കുവാൻ പാടില്ല.

Score

**1 മുതൽ 5 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക.**
**1 സ്കോർ വീതം.** **(4×1=4)**

1. പ്രോട്ടോൺ കണ്ടുപിടിച്ചതാര് ?

2. അറ്റോമിക സംഖ്യ 123 ആയ മൂലകത്തിന്റെ I.U.P.A.C. നാമം എഴുതുക.

3. $sp^3$ ഹൈബ്രഡൈസേഷന്റെ ഘടന.

4. തെർമോ ഫ്ലാസ്കിൽ ഇരിക്കുന്ന ചൂട് കാപ്പി __________ സിസ്റ്റത്തിന് ഉദാഹരണമാണ്.

5. $H_2O_2$ ൽ ഓക്സിജന്റെ ഓക്സീകരണാവസ്ഥ

   a) –2  b) +2  c) –1  d) +1

**6 മുതൽ 15 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 8 എണ്ണത്തിന് ഉത്തരമെഴുതുക.**
**2 സ്കോർ വീതം.** **(8×2=16)**

6. S.T.P. യിലുള്ള 8.8 g $CO_2$ ന്റെ വ്യാപ്തം എത്രയെന്ന് കണ്ടെത്തുക.

7. ബോർ ആറ്റം മാതൃകയുടെ പരിമിതികൾ എന്തൊക്കെയാണ് ?

8. ആധുനിക ആവർത്തന നിയമവും മെൻഡലിയേവിന്റെ ആവർത്തന നിയമവും പ്രതിപാദിക്കുക.

9. താഴെ പറയുന്ന തന്മാത്രകളിൽ എത്ര σ ബോണ്ടും π ബോണ്ടും ഉണ്ട്.

   a) ഈഥേൻ

   b) ഈഥീൻ

Score

10. a) $H_2O$

b) $C_2H_4$ എന്നിവയുടെ ലൂയിസ് ഡോട്ട് ഫോർമുല വരയ്ക്കുക.

11. വിശിഷ്ട ഗുണ ധർമ്മവും പരിണാമസ്ഥിതിതഗുണ ധർമ്മവും എന്തെന്ന് വ്യക്തമാക്കുക.

12. ലൂയിസ് ആസിഡിനെയും ബേസിനെയും ഓരോ ഉദാഹരണ സഹിതം നിർവ്വചിക്കുക.

13. ബഫർ ലായിനി എന്നാലെന്ത് ? ഒരു ഉദാഹരണം എഴുതുക.

14. താഴെ തന്നിരിക്കുന്ന സംയുക്തങ്ങളുടെ രാസസൂത്രവാക്യം എഴുതുക.

a) Tin (IV) oxide

b) Iron (III) sulphate

15. നാലുതരം റിഡോക്സ് രാസപ്രവർത്തനങ്ങളുടെ പേരെഴുതുക.

**16 മുതൽ 26 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 8 എണ്ണത്തിന് ഉത്തരമെഴുതുക.**
**3 സ്കോർ വീതം.** **(8×3=24)**

16. a) നിയന്ത്രിത അഭികാരകം എന്നാൽ എന്ത് ? (1)

b) 4 g ഹൈഡ്രജനും 64 g ഓക്സിജനും കൂടെ ചേർന്ന് വെള്ളം ഉണ്ടാകുന്നു. എങ്കിൽ അതിലെ നിയന്ത്രിത അഭികാരകം ഏതാണ് ? (2)

17. a) (i) Cu (Z = 29), (ii) Cr (Z = 24) എന്നിവയുടെ ഓർബിറ്റൽ ഇലക്ട്രോൺ വിന്യാസം എഴുതുക. (2)

b) മേൽപ്പറഞ്ഞവയ്ക്ക് സ്ഥിരത കൂടുതലാകാൻ കാരണമെന്ത് ? (1)

Score

18. a) ഹൈഡ്രജന്റെ ഏത് സ്പെക്ട്രം ആണ് കാണാൻ സാധിക്കുന്നത് ? (1)

b) ഒരു ഇലക്ട്രോൺ $1.6 \times 10^6$ m/s പ്രവേഗത്തിൽ സഞ്ചരിച്ചാൽ അതിന്റെ ഡിബ്രോഗ്ലി തരംഗ ദൈർഘ്യം കണ്ടെത്തുക (mass of $\bar{e} = 9.1 \times 10^{-31}$ kg). (2)

19. a) ക്ലോറിന് ഫ്ലൂറിനേക്കാൾ ഇലക്ട്രോൺ ആർജിത എൻഥാൽപി കൂടുതലാണ് എന്തുകൊണ്ട് ? (1)

b) സമ ഇലക്ട്രോണിക വർഗ്ഗങ്ങൾ എന്നാലെന്ത് ? (1)

c) താഴെ പറയുന്നവയിൽ നിന്ന് സമ ഇലക്ട്രോണിക വർഗ്ഗങ്ങളെ കണ്ടെത്തുക. (1)

$N^-$, $O^{2-}$, $Al^{2+}$, $Mg^{2+}$, $Cl^-$, $Na^+$, $F^-$

20. a) ബന്ധനക്രമം എന്ന പദം കൊണ്ട് എന്താണ് അർത്ഥമാക്കുന്നത് ? (1)

b) താഴെ പറയുന്നവയുടെ ബന്ധനക്രമം കണക്കാക്കുക.
$He^{2+}$, $Li_2^-$ (2)

21. a) സങ്കരണം എന്നാലെന്ത് ? (1)

b) ചേരുംപടി ചേർക്കുക. (2)

| A | B |
|---|---|
| 1) sp | a) ട്രയഗണൽ ബൈ പിരമിഡൽ |
| 2) $sp^2$ | b) ടെട്രാഹെഡ്രൽ |
| 3) $sp^3$ | c) ലിനിയർ |
| 4) $sp^3d$ | d) ഒക്ടാഹെഡ്രൽ |
| | e) ട്രയഗണൽ പ്ലാനാർ |

22. പ്രാമാണിക രൂപീകരണ എൻഥാൽപി മീഥേൻ, കാർബൺഡൈഓക്സൈഡ്, ജലം എന്നിവയുടേത് –74.85, –393.5, –286 KJ/mol എന്നിങ്ങനെയാണ്. മീഥേന്റെ പ്രാമാണിക ജ്വലന എൻഥാൽപി കണ്ടെത്തുക. (3)

Score

**23.** a) താപഗതികത്തിന്റെ ഒന്നാം നിയമം പ്രസ്താവിക്കുക. (1)

b) അതിന്റെ മാത്തമാറ്റിക്കൽ ഫോം എഴുതുക. (1)

c) പ്രാമാണിക രൂപീകരണ എൻഥാൽപി എന്താണെന്ന് പറയുക. (1)

**24.** a) സ്വയംപ്രാവർത്തികതയും ഗിബ്സ് ഊർജ്ജവും തമ്മിലുള്ള ബന്ധം വിശദമാക്കുക. (1)

b) താഴെതന്നിരിക്കുന്ന രാസപ്രവർത്തനം ഏത് താപനിലയക്ക് മുകളിലാണ് സ്വയം പ്രാവർത്തികമാകുന്നത് ? (2)

$MgO_{(s)} + C_{(s)} \rightarrow Mg_{(s)} + CO_{(g)}$

($\Delta H^\circ$ = 490 KJ/mol, $\Delta S^\circ$ = 198 JK/mol)

**25.** a) ഒരു ലായനിയുടെ pH മൂല്യം എന്നാലെന്ത് ? (1)

b) 0.01 M HCl ന്റെ pH മൂല്യം കണ്ടെത്തുക. (2)

**26.** $A + B \rightleftharpoons C + D$ എന്ന രാസപ്രവർത്തനത്തിന്റെ സന്തുലന സ്ഥിരാങ്കം K ആണെങ്കിൽ താഴെ പറയുന്നവയുടെ സന്തുലന സ്ഥിരാങ്കം കണ്ടുപിടിക്കുക.

a) $C + D \rightleftharpoons A + B$ (1½)

b) $\frac{1}{2}A + \frac{1}{2}B \rightleftharpoons \frac{1}{2}C + \frac{1}{2}D$ (1½)

**27 മുതൽ 31 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക.**
**4 സ്കോർ വീതം.** (4×4=16)

**27.** a) തന്മാത്രാ സൂത്രവാക്യവും പ്രയോഗാധിഷ്ഠിത സൂത്രവാക്യവും തമ്മിലുള്ള ബന്ധമെന്ത് ? (1)

b) ഒരു സംയുക്തത്തിൽ 4.07% ഹൈഡ്രജനും 24.27% കാർബണും 71.65% ക്ലോറിനും അടങ്ങിയിരിക്കുന്നു ഇതിന്റെ മോളാർ മാസ് 98.96 g ആണെങ്കിൽ തന്മാത്രാ സൂത്രവാക്യം കണ്ടുപിടിക്കുക. (3)

Score

**28.** താഴെ പറയുന്നവ വിവരിക്കുക.

a) പ്രകാശവൈദ്യുത പ്രഭാവം **(1)**

b) പൗളിയുടെ അപവർജന തത്ത്വം **(1)**

c) ഹൈസൻബർഗ്ഗിന്റെ അനിശ്ചിതത്ത്വ സിദ്ധാന്തം **(1)**

d) ഹണ്ടിന്റെ അധികതമ ബഹുലതാ നിയമം. **(1)**

**29.** a) നൈട്രജന്റെ അയോണീകരണ എൻഥാൽപി ഓക്സിജനേക്കാൾ കൂടുതലാണ് എന്തുകൊണ്ട് ? **(2)**

b) ആവർത്തനപ്പട്ടികയിലെ രണ്ടാം നിരയിലുള്ള മൂലകങ്ങൾ മറ്റുള്ളവയിൽ നിന്നും വ്യത്യസ്തമായ സ്വഭാവം കാണിക്കുന്നു. എന്തുകൊണ്ട് ? **(2)**

**30.** a) $O_2$ ന്റെ തന്മാത്രാ ഓർബിറ്റൽ ചിത്രം വരയ്ക്കുക. **(2)**

b) $H_2O$ ഒരു ദ്രാവകമാണ്. പക്ഷേ $H_2S$ ഒരു വാതകവും എന്തുകൊണ്ട് ? **(2)**

**31.** a) $K_p$ യും $K_c$ യും തമ്മിലുള്ള ബന്ധമെന്ത് ? **(1)**

b) ലി ഷാറ്റ്ലിയർ തത്ത്വം എഴുതുക. **(1)**

c) $N_2 + 3H_2 \xrightleftharpoons{Fe} 2NH_3$

($\Delta H = -92$ KJ/mol.) ഈ പ്രവർത്തനത്തിൽ നിന്നും കൂടുതൽ അമോണിയ ഉണ്ടാക്കുന്നതിനാവശ്യമായ വ്യവസ്ഥകൾ എന്തെല്ലാം ? **(2)**